**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2603** **17.06.2019-ൽ മറുപടിയ്ക്ക്**

**ഗോത്രജീവിക പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി**<br>**ശ്രീ.കെ. ബാബു**<br>**ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഭവനം, വിവിധ ഉല്പാദനോപാധികൾ എന്നിവയുടെ ഉടമസ്ഥതയും തൊഴിൽ, വരുമാനം തുടങ്ങിയവയെ അടിസ്ഥാനമാക്കിയും കണക്കാക്കിയിട്ടുള്ള ദാരിദ്ര്യസൂചിക (ഡെപ്രിവേഷൻ ഇൻഡെക്സ്) പ്രകാരം സംസ്ഥാനത്തെ ഗ്രാമവാസികളായ പട്ടികജാതി പട്ടികഗോത്രവർഗക്കാരിൽ എത്ര ശതമാനം ദരിദ്രരാണെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ; | എ) | 2018 – ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകനത്തിൽ ഇല്ലായ്മയുടെ (ഡെപ്രിവേഷൻ) പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ 7.11% ആണെന്ന് സൂചിപ്പിക്കുന്നു. |
| ബി) | ഇത്തരക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനും സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിനും പദ്ധതിയുണ്ടോ; | ബി) | പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബ്ബലരായ വിഭാഗങ്ങൾക്കായി (വൾനറബിൾ കമ്മ്യൂണിറ്റി) കൃഷി ഭൂമി വാങ്ങൽ, ഭവന നിർമ്മാണം, അടിസ്ഥാന സൗകര്യം വികസനം, നൈപുണ്യ വികസനം ഉൾപ്പെടെയുള്ള പരിശീലനവും, തൊഴിലും, വിദ്യാഭ്യാസം, പ്രത്യേക ട്യൂഷൻ, ചികിത്സ, പഠനമുറി ഉൾപ്പെടെയുള്ള സമഗ്രവികസന പദ്ധതികൾ നടപ്പാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം 50.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗക്കുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗതതൊഴിൽ പ്രോത്സാഹനവുമാണ്. അഭ്യസ്ത വിദ്യരെയും അല്ലാത്തവരെയും പ്രത്യേകം പരിഗണിക്കുന്ന ഒരു നൈപുണ്യ വികസന നയമാണ് വകുപ്പ് സ്വീകരിച്ചു വരുന്നത്. |

കേരളസർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നൈപുണ്യ പരിശീലന കേന്ദ്രവുമായി സഹകരിച്ച് ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന ജോലി സാധ്യതകൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്. ഇതിനു പുറമേ **കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ്** (KASE) എന്ന സ്ഥാപനം അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുമായി വകുപ്പ് നേരിട്ടു കരാറിൽ ഏർപ്പെട്ട് ഇത്തരം ആധുനിക തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്.

ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇതിൽ സർക്കാർ സ്ഥാപനങ്ങളായ സി-ഡിറ്റ്, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ്, കെൽട്രോൺ, സെന്റർഫോർ ബയോപോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് എന്നിവയും സ്വകാര്യ സ്ഥാപനങ്ങളായ നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഇറാം, എത്തിയോസ്, തുടങ്ങി തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നൽകി പ്ലെയ്സ്മെന്റ് നൽകി വരുന്നു.

**കരിയർ ഗൈഡൻസ് ജോബ് ഫെയർ :**

2019- ൽ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊ് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. 2019–20 വർഷത്തിൽ എല്ലാ ജില്ലകളിലും കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തുന്നതിനുള്ള ഒരുക്കുങ്ങൾ പൂർത്തീകരിച്ചു.

**ഇൻഫർമേഷൻ ടെക്നോളജിയിൽ തിരുവനന്തപുരത്ത് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം:-**

പട്ടികവർഗ യുവതീ യുവാക്കൾക്ക് ഐറ്റി മേഖലയിൽ ഡെസ്ക് ടോപ് ഇഞ്ചിനീയറിംഗ്, ഹാർഡ്‌വെയർ/സോഫ്റ്റ് വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ സ്ഥാപിച്ചു

**പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്ര നിർമ്മാണ ശാല: അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (ATAP):**

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ 6 മാസത്തെപരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിനായി 219.13 ലക്ഷം രൂപയ്ക്ക് സർക്കാർ ഭരണാനുമതിയോടുകൂടി കെട്ടിട നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. "അടാപ്പ്" എന്ന പേരിൽ ഒരു സ്വയം സഹായ സംഘം എന്ന നിലയിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിച്ച് വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫോം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുടെ നിർമ്മാണത്തിനുള്ള നടപടി ആരംഭിച്ചു. 2019-20 അദ്ധ്യയന വർഷത്തിലെ യൂണിഫോമുകൾ ഈ സ്ഥാപനത്തിലാണ് നിർമ്മിക്കുന്നത്.

**ഗോത്രജീവിക**

2016-17 വർഷം മുതൽ ടി പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേന 334 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചു

ടി പദ്ധതിയുടെ ഭാഗമായി വിവിധമേഖലകളിൽ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 53 സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും ഇവയ്ക്കുള്ള പ്രവർത്തന മൂലധനം 1.89 കോടി രൂപ നൽകുകയും ടി സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങൾ എറ്റെടുക്കുവാൻ ടി സംഘങ്ങൾക്ക് സാധിച്ചു.

**ഗോത്ര രശ്മി**

ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജിവിത നൈപുണ്യ വിദ്യാഭ്യാസ പ

| | | | |
|---|---|---|---|
| | | | ദ്ധതിയിലൂടെ ആദിവാസികളെ നേതൃരംഗത്തേക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇതിലൂടെ 60 ഗോത്ര രശ്മിഗ്രൂപ്പുകൾ രൂപീകരിച്ച് കാർഷിക സംരംഭകത്വത്തിന് സജ്ജരാക്കിയിട്ടുണ്ട്. |
| സി) | പട്ടികഗോത്രവർഗക്കാർക്കായുള്ള ഗോത്രജീവിക പദ്ധതി പ്രകാരം കൈവരിച്ച നേട്ടം വിശദമാക്കാമോ? | സി) | 2016-17 വർഷം മുതൽ ടി പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേന 334 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചു<br><br>ടി പദ്ധതിയുടെ ഭാഗമായി വിവിധമേഖലകളിൽ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 53 സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും ഇവയ്ക്കുള്ള പ്രവർത്തന മൂലധനം 1.89 കോടി രൂപ നൽകുകയും ടി സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങൾ എറ്റെടുക്കുവാൻ ടി സംഘങ്ങൾക്ക് സാധിച്ചു. |

Hari

**സെക്ഷൻ ഓഫീസർ**